"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ നേമം ഗവൺമെന്റ് ആയുർവേദ ഡിസപെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന ദേവകി കെ.യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടും, അവധി അപേക്ഷ സമർപ്പിക്കാത്ത കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്തവിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.425/2026/AYUSH തീയതി,തിരുവനന്തപുരം, 29-08-2026

---

പരാമർശം:-

1. 05.07.2017 ലെ സ.ഉ.(പി) നം.8/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
2. 20.07.2023 ലെ സ.ഉ.(അച്ചടി) നം.13/2023/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
3. ദേവകി കെ. സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷകൾ.
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 21.08.2023, 15.04.2025 തീയതികളിലെ DISM/1818/2023-E1 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നേമം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന ദേവകി കെ. 04.06.2017 മുതൽ 30.11.2018 വരെ 545 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ, ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കാത്തതിനെത്തുടർന്ന് നിരവധി തവണ കത്തുകൾ അയച്ചിരുന്നുവെങ്കിലും ടിയാളുടെ ഭാഗത്തുനിന്നും യാതൊരു മറുപടിയും ലഭ്യമായിരുന്നില്ലായെന്നും, ടിയാൾ ആരോഗ്യ പ്രശ്നങ്ങളാൽ കിടപ്പ് രോഗിയായി മകളോടൊപ്പം മലപ്പുറത്ത് താമസമായതിനാലാണ് തുടർന്നുള്ള അവധി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതിരുന്നതെന്നും 22.04.2023 ൽ ടിയാൾ മരണപ്പെട്ടിട്ടുള്ളതായും ടിയാളുടെ മകൾ അറിയിച്ചിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന കെ. ദേവകിയുടെ 04.06.2017 മുതൽ 30.11.2018 വരെയുള്ള 545 ദിവസത്തെ ശൂന്യവേതനാവധി അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് കാലതാമസം മാപ്പാക്കി അവധി അനുവദിക്കുന്നതിനും ടിയാൾ അവധി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത 01.12.2018 മുതൽ മരണപ്പെട്ട തീയതിയായ 22.04.2023 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചു നൽകുന്നതിനും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നേമം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി

ചെയ്തിരുന്ന ദേവകി കെ. പരാമർശം (3) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷകൾ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശകളുടെ അടിസ്ഥാനത്തിലും, പാർട്ട് ടൈം സ്വീപ്പർ എന്ന തസ്തികയുടെ പ്രത്യേകതയും, ടിയാളുടെ മാരകമായ രോഗാവസ്ഥയും, ടിയാൾ മരണപ്പെട്ട സാഹചര്യവും കൂടി പരിഗണിച്ചും, അവധി അപേക്ഷ സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസം മാപ്പാക്കി ടിയാൾക്ക് 04.06.2017 മുതൽ 31.12.2017 വരെയുള്ള 211 ദിവസം മെഡിക്കൽ ആവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടും, 01.01.2018 മുതൽ 30.11.2018 വരെയുള്ള 334 ദിവസം, ചട്ടങ്ങളിൽ ഇളവ് വരുത്തി, മെഡിക്കൽ ആവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടും, കൂടാതെ, ടിയാൾ അവധി അപേക്ഷ സമർപ്പിക്കാത്ത 01.12.2018 മുതൽ ടിയാൾ മരണപ്പെട്ട 22.04.2023 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്തവിധം നോൺ-ഡ്യൂട്ടി ആയി ക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി പ്രീതാകുമാരി ജെ.ഡി., D/o.(Late)ദേവകി കെ., പ്ലാവിള ലക്ഷംവീട്, കഴിവൂർ, കഴിവൂർ പി.ഒ., തിരുവനന്തപുരം ജില്ല.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/239/2023-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Swopna Raj
Date: 29-08-2026
11:24:14

സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
4. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.